**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 567** **17-09-2025 - ൽ മറുപടിയ്ക്ക്**

**കോതമംഗലം- പ്ലാമുടി- ഊരംകുഴി റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ പ്ലാമുടി- ഊരംകുഴി റോഡിന്റെ നിർമ്മാണ പ്രവർത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | 20.08.2016-ലെ G.O(Rt) No.1192/2016/PWD പ്രകാരം 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതിയും, 17.01.2018 ൽ 22.66 കോടി രൂപക്ക് കിഫ്ബി ധനാനുമതി നൽകുകയും ചെയ്ത പ്ലാമുടി - കോട്ടപ്പടി - പാനിപ്ര - ഇരുമലപ്പടി - ഊരംകുഴി റോഡ് നവീകരണ പ്രവൃത്തിയുടെ ഭാഗമായി പ്ലാമൂടി - ഇരുമലപ്പടി - ഊരംകുഴി വരെ 10.68 കിലോമീറ്റർ വരുന്ന റോഡിൽ പ്ലാമൂടി മുതൽ ഇരുമലപ്പടി വരെയുള്ള ഭാഗത്ത് ക്രോസ് ഡ്രെയിനേജ്, DBM പ്രവൃത്തികൾ 4 തവണകളിലായി കാലാവധി നീട്ടി നൽകിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ കിഫ്ബി നടത്തിയ പരിശോധനയിൽ പ്രവൃത്തിയുടെ ഗുണനിലവാരം തൃപ്തികരമല്ലെന്ന് ബോധ്യപ്പെടുകയും, തുടർന്ന് നടത്തിയ മീറ്റിംഗുകളിൽ കരാറുകാരൻ പങ്കെടുക്കാതിരുന്നതും, കേടുപാടുകൾ പരിഹരിക്കാൻ വിസമ്മതിക്കുകയും ചെയ്തതിനാൽ 29/11/2022 ൽ KRFB കരാറുകാരനെ നഷ്ടോത്തരവാദിത്തത്തിൽ ഒഴിവാക്കുകയാണുണ്ടായത്.<br><br>പ്ലാമൂടി മുതൽ ഇരുമലപ്പടി വരെയുള്ള ഭാഗത്തെ ബാലൻസ് പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിന്, 25.09.2023 ൽ സാങ്കേതികാനുമതി നൽകുകയും, 02.09.2024-ന് ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ഇതിൽ ഏറ്റവും കുറവ് ക്വോട്ട് ചെയ്ത തുക അനുവദിക്കാവുന്ന പരിധിയേക്കാൾ കൂടുതലായതിനാൽ 09.10.2024-ൽ ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ സമർപ്പിക്കുകയും കമ്മിറ്റി പ്രവൃത്തി റീടെൻഡർ ചെയ്യാൻ നിർദേശിക്കുകയും ചെയ്തിരുന്നു. തുക കുറക്കാൻ L1 ബിഡർ തയ്യാറാകാത്തതിനാൽ 30.10.2024-ന് പ്രവൃത്തി വീണ്ടും റീടെൻഡർ ചെയ്തു. പ്രസ്തുത ടെൻഡർ അംഗീകാരത്തിനായി 13.01.2025 ൽ ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ സമർപ്പിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | എന്നാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത പ്രവൃത്തിയുടെ ബാലൻസ് പ്രവൃത്തി നിലവിലെ ഷെഡ്യൂൾ ഓഫ് റേറ്റിൽ ടെൻഡർ ചെയ്തത് സംബന്ധിച്ച് വ്യക്തത ആവശ്യമുണ്ടെന്ന് കമ്മിറ്റി അഭിപ്രായപ്പെടുകയും ആയത് പരിശോധിച്ച് അടുത്ത ടെൻഡർ അപ്പ്രൂവൽ കമ്മിറ്റിയിൽ ഈ പ്രവൃത്തി സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് 07.04.2025-ലെ ടെൻഡർ അപ്പ്രൂവൽ കമ്മിറ്റിയിൽ ലോവസ്റ്റ് ബിഡ് അപ്പ്രൂവലിന് സമർപ്പിച്ചെങ്കിലും ഒറിജിനൽ ഷെഡ്യൂൾ ഓഫ് റേറ്റ് DSOR 2016 അനുസരിച്ച് പ്രവൃത്തി റീടെൻഡർ ചെയ്യാൻ കമ്മിറ്റി നിർദേശിക്കുകയുണ്ടായി. |
| (ബി) | തികച്ചും ഗ്രാമീണ മേഖലകളിലൂടെ കടന്നു പോകുന്ന പ്രസ്തുത റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിൽ പ്ലാമൂടി മുതൽ ഇരുമലപ്പടി വരെയുള്ള ഭാഗത്തെ ബാലൻസ് പ്രവൃത്തി അറേഞ്ച് ചെയ്യുന്നതിന്റെ ഭാഗമായി കിഫ്ബി FWD (Falling Weight Deflectometer) ടെസ്റ്റ് നടത്തിയിട്ടുള്ളതാണ്. നിലവിൽ തയ്യാറാക്കി വരുന്ന പ്രസ്തുത ടെസ്റ്റിന്റെ പരിശോധനാ ഫലം ഉൾപ്പെടുന്ന റിപ്പോർട്ട് നിർവ്വഹണ ഏജൻസിക്ക് നൽകുന്നതാണ്. തുടർന്ന് ആയതിന്റെ കൂടി അടിസ്ഥാനത്തിൽ തയ്യാറാകാകുന്ന എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് ശേഷിക്കുന്ന പ്രവൃത്തികൾ ആരംഭിക്കുന്നതാണെന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രവൃത്തിയിലെ ഇരുമലപ്പടി മുതൽ ഊരംകുഴി വരെയുള്ള (6 കി.മീ) ഭാഗം കിഫ്ബി വർക്കിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതും പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന് കൈമാറിയിട്ടുള്ളതായും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ